കേരള സർക്കാർ
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
ജില്ല ഇൻഫർമേഷൻ ഓഫീസ്, ആലപ്പുഴ-688 001
ഫോൺ: 0477-2251349; ഇ-മെയിൽ: prdalppy@gmail.com,
വെബ്സൈറ്റ്: www.prd.kerala.gov.in

പത്രക്കുറിപ്പ് 'ഭരണഭാഷ-മാതൃഭാഷ' 2019 ഡിസംബർ 3 ചൊവ്വ
------------------------------------------------------------

**ഭിന്നശേഷി ദിനം,സമൂഹത്തിൽ വിവേചനമില്ലെന്ന ഓർമ്മപ്പെടുത്തൽ: കളക്ടർ എം അഞ്ജന**

ആലപ്പുഴ :എല്ലാവരും സമൂഹത്തിൽ ഒന്നാണെന്ന ഓർമപ്പെടുത്തലുകളാണ് ഓരോ ഭിന്നശേഷി ദിനവുമെന്ന് ജില്ല കളക്ടർ എം അഞ്ജന .അന്തർദേശിയ ദിനാചരണത്തോടനുബന്ധിച്ച് സാമൂഹ്യ നീതി വകുപ്പിന്റെയും ജില്ല ഭരണകൂടത്തിന്റെയും നേതൃത്തിൽ നടത്തിയ ഭിന്നശേഷി ദിനാഘോഷത്തിന്റെ ഭാഗമായി പതാക ഉയർത്തി സംസാരിക്കുകയായിരുന്നു കളക്ടർ.

ജില്ല സാമൂഹിക നീതി ഓഫീസർ എ ജെ സാബു ജോസഫ്, ജില്ല സാമൂഹ്യ നീതി സീനിയർ സൂപ്രണ്ട് പി ശൈലകുമാർ, ജില്ലയിലെ വിവിധ ബഡ്സ് സ്കൂൾ പ്രതിനിധികൾ എന്നിവർ സന്നിഹിതരായിരുന്നു. തുടന്ന് ബഡ്സ് സ്കൂൾ വിദ്യാർഥികളുടെ കലാ മത്സരങ്ങളും അരങ്ങേറി.

**സെക്യൂരിറ്റി ജോലിക്ക് ദർഘാസുകൾ ക്ഷണിച്ചു**

ആലപ്പുഴ: ആലപ്പുഴ ജനറൽ ആശുപത്രിയിലെ 2020 ജനുവരി ഒന്നു മുതൽ 2020 ഡിസംബർ 31 വരെയുള്ള കാലയളവിലേക്ക് കരാർ അടിസ്ഥാനത്തിൽ സെക്യൂരിറ്റി ജോലിക്കായി മാൻപവർ നൽകുന്നതിനു മുദ്രവെച്ച ദർഘാസുകൾ സെക്യൂരിറ്റി ഏജൻസികളിൽ നിന്ന് ക്ഷണിച്ചു. ദർഘാസുകൾ ഡിസംബർ 18നു ഉച്ചകഴിഞ്ഞു മൂന്നു വരെ സ്വീകരിക്കും. സൂപ്രണ്ട്, ജനറൽ ആശുപത്രി, ആലപ്പുഴ എന്ന വിലാസത്തിൽ ടെൻഡർ നൽകണം.ഫോൺ:0477 2253324

**ഗദ്ദികയിൽ ഇന്ന് (ഡിസംബർ 4)**

വൈകുന്നേരം 5.30: സാംസ്കാരിക സായാഹ്നം

പങ്കെടുക്കുന്നവർ: കുരീപ്പുഴ ശ്രീകുമാർ (കവി), കെ.രാഘവൻ(ദേവസ്വം ബോർഡ് മുൻ അംഗം), വിശ്വംഭരൻ ഐ.എ.എസ്(റിട്ട).

തുടർന്ന് കലാപരിപാടികള്

പളിയനൃത്തം : അരുവി,വെള്ളയ്യൻ കാണി പരമ്പരാഗത നൃത്തസംഘം, ഇടുക്കി

വിഷ്ണുമൂർത്തി തെയ്യം: സുർജിത്ത് പണിക്കര്, മൂലാട് കോഴിക്കോട്

ഒന്നു ചിരിക്കൂ ഒരിക്കൽ കൂടി (മലയാളത്തിന്റെ നിത്യഹരിത ഹാസ്യഗാനങ്ങളുടെ അവതരണം,ഭാരത് ഭവൻ)